**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139** **28-07-2021 - ൽ മറുപടിയ്ക്ക്**

**കൊവിഡ് രണ്ടാം തരംഗം സൃഷ്ടിക്കുന്ന ആഘാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊവിഡിന്റെ രണ്ടാം തരംഗം സൃഷ്ടിക്കുന്ന സാമ്പത്തിക സാമൂഹിക ആഘാതം നേരിടുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള രണ്ടാം കൊവിഡ് പാക്കേജിനെ കുറിച്ച് വിശദമാക്കാമോ; | (എ) | കോവിഡ് രണ്ടാം തരംഗം നേരിടുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള രണ്ടാം കോവിഡ് പാക്കേജിന്റെ വിശദാംശങ്ങളുടെ അനുബന്ധം ഇതോടോപ്പം ചേർക്കുന്നു. |
| (ബി) | കൊവിഡ് ഒന്നാം തരംഗത്തിന്റെ ആഘാതം നേരിടുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പാക്കിയ രണ്ട് നൂറുദിന പരിപാടികളുടെ നേട്ടങ്ങൾ അവലോകനം ചെയ്തിരുന്നോയെന്ന് അറിയിക്കാമോ; | (ബി) | 13.10.2020, 10.11.2020, 02.12.2020, 27.01.2021 എന്നീ തിയതികളിൽ അവലോകന യോഗം നടത്തിയിട്ടുണ്ട്. |
| (സി) | കൊവിഡ് രണ്ടാം തരംഗകാലത്ത് ഒരാൾ പോലും പട്ടിണി കിടക്കാതിരിക്കാൻ നടത്തിയ കരുതൽ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ? | (സി) | കോവിഡ് രണ്ടാം തരംഗം അതിജീവിക്കുന്നതിനുള്ള ദുരിതാശ്വാസമായി 2021 മെയ് മാസം 85 ലക്ഷത്തിൽ പരം വരുന്ന എല്ലാ റേഷൻ കാർഡ് ഉടമകൾക്കും ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്ത വകയിൽ സർക്കാർ സപ്ലൈകോയ്ക്ക് 410 കോടി രൂപ നൽകിയിട്ടുണ്ട്. ജൂൺ മാസത്തെ ചെലവ് 407.72 കോടി രൂപയാണ്. പൊതുവിതരണ സംവിധാനം വഴി പരിമിതമായ ഭക്ഷ്യ ധാന്യ വിഹിതം മാത്രം ലഭിച്ചു വരുന്ന സംസ്ഥാനത്തെ 50 ലക്ഷത്തിൽ പരം മുൻഗണനേതര വിഭാഗം റേഷൻ കാർഡുകൾക്കും 15 രൂപ നിരക്കിൽ 10 കിലോഗ്രാം വീതം സ്പെഷ്യൽ അരി 20 രൂപ/കി.ഗ്രാം നിരക്കിൽ OMSS സ്കീമിൽ എഫ്സിഐ യിൽ നിന്നും വാങ്ങി 2021 മാർച്ച് മുതൽ ജൂലൈ മാസങ്ങളിലായി വിതരണം ചെയ്തു വരുന്നു. ഈ ഇനത്തിൽ എഫ്സിഐയിൽ നിന്നും അരി വാങ്ങുന്നതിനായി ഇതുവരെ 244.07 കോടി രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഇനം | തുക (കോടിയിൽ) | ഫണ്ടിന്റെ ഉറവിടം |
|---|---|---|
| 1.ആരോഗ്യം | | |
| • വാക്സിനും മറ്റ് ചെലവുകളും | 1500 | ബജറ്റ് വിഹിതം |
| • സി.എച്ച്.സി, താലൂക്ക് ഡിസ്ട്രിക്ട് ഐസൊലേഷൻ ബ്ലോക്ക്സ് | 636.5 | എം.എൽ.എ സഹായം |
| • സെൻട്രൽ സ്റ്റെറിലൈസേഷൻ സെർവീസ് ഡിപ്പാർട്ട്മെന്റ് | 18.75 | അധിക ബാധ്യത |
| • ഐസൊലേഷൻ വാർഡ് | 50 | അധിക ബാധ്യത |
| • പീഡിയാട്രിക് ഐസിയു | 25 | അധിക ബാധ്യത |
| • ഓക്സിജൻ പ്ലാന്റ്-ഡി.പി.ആർ | 0.25 | അധിക ബാധ്യത |
| • സെന്റർ ഫോർ ഡിസീസ് കൺട്രോൾ-ഡി.പി.ആർ | 0.5 | അധിക ബാധ്യത |
| • റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & ലാബ്സ് | 10 | അധിക ബാധ്യത |
| • ആരോഗ്യ ധനസഹായം | 559 | സി.എസ്.എഫ്.സി ഗ്രാന്റ് |
| ആകെ | 2800 | |
| 2. ഇൻകം ട്രാൻസ്ഫർ | | |
| • ഭക്ഷ്യ കിറ്റ് | 1740 | |
| • വെൽഫയർ ബോർഡ് | 1100 | |
| • എംപ്ലായ്മെന്റ് ഗ്യാരന്റി | 3100 | |
| • എസ്.എസ്.പി | 848 | ബജറ്റ് വിഹിതം |
| • ആയിരം രൂപ ധനസഹായം | 147 | സിഎംഡിആർഎഫ് |
| • കോൺട്രാക്ട് സപ്ലയർ അരിയർ | 1700 | ബജറ്റ് വിഹിതം |
| • കുടുംബശ്രീ ഇന്ററസ്റ്റ് | 215 | അധിക ബാധ്യത |
| • റബ്ബർ സബ്സിഡി | 50 | അധിക ബാധ്യത |
| ആകെ | 8900 | |
| 3. ഇക്കണോമിക് റിവൈവൽ | | |
| • കാർഷിക ഉൽപാദന വായ്പ | 2000 | നബാർഡ് ലോൺ കേരള ബാങ്ക് വഴി |
| • ചെറുകിട വ്യവസായവും കൃഷിയും | 1600 | ബാങ്ക് ലോൺ/NBFC ലോൺ |
| • കുടുംബശ്രീ എൻ എച്ച് ജി | 1000 | ബാങ്ക് ലോൺ |
| • ഇലക്ട്രിക് വെഹിക്കിൾ ലോൺസ് | 200 | എസ്.ബി.ഐ ലോൺ |
| • എംഎസ്എംഇ ലോൺസ് | 2000 | NBFC ലോൺ |
| • ടൂറിസം ലോൺസ് | 500 | NBFC ലോൺ |
| • നോർക്ക സ്വയംതൊഴിൽ | 1000 | ബാങ്ക് ലോൺ/NBFC ലോൺ |
| ആകെ തുക | 8300 | |
| ആകെ മൊത്തം തുക | 20000 | |